Sri. N. P. Varghese : But are the Government aware of the sense of frustration created in the official world?

Sri. T. K. Narayana Pillai : Government are not aware of that.

CONFIRMATION

*903. [19] **Sri N. P. Varghese :** Will the Hon'ble the Cheif Minister be pleased to state.— are Government aware that many vacant posts are not yet filled up though there are a large number of officers who have been acting in those vacant posts for many years?

Sri. T. K. Narayana Pillai: All posts that are required for the efficient functioning of the department of Government have been filled up. Officiating posts are quite common in Government service and confirmations will be ordered after integration of all ranks of services is completed.

ശ്രീ. എൻ. പി. വർഗ്ഗീസ് : അഞ്ചും ആറും കൊല്ലം ആക്ട് ചെയ്തിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെയുള്ളവരും ഉണ്ടെന്നു് ഗവൺമെൻറിനു് അറിയാം.

ശ്രീ. കെ. എ. മാത്യു : അനേകം കൊല്ലം സർവ്വീസുള്ള ഗവൺമെൻറ് സ്റ്റാഫ് ടീച്ചേഴ്സിനെ സ്ഥിരപ്പെടുത്താതെയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്.

ശ്രീ. കെ. എ. മാത്യു : സർവ്വീസ് ഇൻറിഗ്രേഷനു മുമ്പു് ഇതൊക്കെ തീരുമാനിക്കപ്പെടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : സർവ്വീസ് ഇൻറിഗ്രേഷനു് മുമ്പു് നടക്കുമോ എന്നു് അറിഞ്ഞുകൂടാ. ഏതായാലും അവരുടെ അവകാശങ്ങൾ പരിശോധിച്ചു മാത്രമേ ഇൻറിഗ്രേഷൻ നടക്കുകയുള്ളു എന്നുള്ളതിനു് സംശയമില്ല.

നല്ലേപ്പിള്ളിയിലെ ഇലക്ട്രിസിറ്റി

*൯൭. (൨൦) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

നല്ലേപ്പിള്ളി പഞ്ചായത്തിലെ ഇലക്ട്രിക്ക വിളക്കുകൾ സ്ഥാപിച്ചതിനെപ്പറ്റി ഗവൺമെൻറിലേക്കു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ? പ്രസിഡൻറിൻെറ വീട്ടിനു് മൻവശത്തു മാത്രം ഏറ്റവും പ്രകാശം കൂടിയ വിളക്കു കത്തിക്കുവാൻ പ്രത്യേകം കല്പനകൊടുത്തിട്ടുണ്ടോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്) അപ്രകാരം ഒരു പരാതി ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൽ കിട്ടിയിട്ടില്ല. 15 ഇലക്ട്രിക്ക് വിളക്കുകൾ കൂടുതൽ വേണമെന്നു പഞ്ചായത്തു് ആവശ്യപ്പെട്ടിട്ടുണ്ടു്. പ്രസിഡൻറിൻെറ വീടിനുമൻവശംമാത്രം ഏറ്റവും പ്രകാശം കൂടിയ വിളക്കു കത്തിക്കുവാൻ പ്രത്യേകം കല്പന കൊടുത്തിട്ടില്ല.

Sri. P. Balakrishnan Tampi : In view of importance of the Prsidentship of the Panchayat referred to would Government be pleased to make arrangements for putting up a very bright light in the front yard of the President's house? (Laughter)

No. answer.

പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രവർത്തനത്തിനുള്ള രൂപകം

*൯൦൪. (൨൧) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ —

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രവർത്തനത്തിനുള്ള രൂപകം ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പബ്ലിക്ക് സർവ്വീസിൽ പ്രാതിനിദ്ധ്യം ഇല്ലാത്ത സമുദായങ്ങളുടെ അവശതകൾ പരിഹരിക്കുവാൻ എന്തെങ്കിലും പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ടു്.

(ബി) പ്രത്യേക വ്യവസ്ഥകളെ സംബന്ധിച്ചു ഗവൺമെണ്ടു് ആലോചിച്ചു വരിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ : ഇപ്പോൾ പാസ്സാക്കിയിട്ടുള്ള രണ്ടുകോടതികളും മുമ്പുണ്ടായിരുന്ന പബ്ലിക്ക് സർവ്വീസ് കമ്മീഷൻ രണ്ടുകോടതികളും തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിപ്പോൾ പെട്ടെന്ന് പറയുവാൻ സാദ്ധ്യമല്ല. ചില സംഗതികളെ സംബന്ധിച്ച് മുമ്പത്തെ രണ്ടുകളിൽ നിന്നും ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ചില സംഗതികളെ സംബന്ധിച്ച് ആദ്യത്തെ കോടതിതന്നെ നിലവിലിരിക്കുന്നതാണ്.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ : ഇപ്പോഴത്തെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ കോടതിയിൽ സർവ്വീസിൽ പ്രാതിനിദ്ധ്യമില്ലാത്ത സമുദായങ്ങളെ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥയുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : പ്രാതിനിദ്ധ്യമില്ലാത്ത സമുദായക്കാരെ സംബന്ധിച്ചിടത്തോളം മുമ്പിലത്തെ കോടതിസമ്പ്രദായത്തെയാണ് ഇന്നും നിലവിലുള്ളത്. ആ കോടതിയിൽ എന്തെങ്കിലും ഭേദഗതി ചെയ്യണമോ വേണ്ടയോ എന്ന കാര്യം ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : പ്രാതിനിദ്ധ്യമില്ലാത്ത സമുദായക്കാരെ സംബന്ധിച്ചിടത്തോളം മുമ്പ് നിലവിലിരുന്ന വ്യവസ്ഥകൾ തന്നെയാണ് ഇപ്പോഴും നിലവിൽ ഇരിക്കുന്നതെന്നു പറഞ്ഞു. അത് തിരുവിതാംകൂറിൽ നിലവിലിരുന്ന വ്യവസ്ഥയോ കൊച്ചിയിൽ നിലവിലിരുന്ന വ്യവസ്ഥയോ എന്നറിഞ്ഞാൽ കൊള്ളാം ?

ശ്രീ. ടി. കെ. നാരായണപിള്ള : തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിൽ ഉണ്ടായിരുന്ന രണ്ടുകോടതികളും കൊച്ചിയെ സംബന്ധിച്ചിടത്തോളം കൊച്ചിയിൽ ഉണ്ടായിരുന്ന രണ്ടുകോടതികളുമാണ് നിലവിലുള്ളത്.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : ഇപ്പോൾ നിയമനം നടത്തുന്നത് ഇങ്ങിനെ വേർതിരിച്ചുകൊണ്ടാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അല്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : ഹയർഗ്രേഡിലുള്ള നിയമനങ്ങളും മുമ്പിലത്തെ രണ്ടുകോടതികളും അനുസരിച്ചാണോ നടത്തുന്നത് ?

ശ്രീ. ടി. കെ. നാരായണപിള്ള: ഓരോ കോടതികളും പബ്ലിക്ക് സർവ്വീസ് കമ്മീഷനെ സംബന്ധിച്ച് ഉണ്ടായിട്ടുണ്ട്. ഹയർഗ്രേഡിലെ നിയമനങ്ങളെ സംബന്ധിച്ച് എന്താണ് കോടതികൾ, ലോവർ ഗ്രേഡിലെ നിയമനങ്ങളെസംബന്ധിച്ച് എന്താണ് കോടതികൾ എന്നും ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള : പബ്ലിക്ക് സർവ്വീസ് കമ്മീഷനെ സംബന്ധിച്ചുള്ള കോടതികൾ ഈ ഗവൺമെന്റ് സ്വതന്ത്രമായി ഉണ്ടാക്കുന്നതാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള : സ്വതന്ത്രമായി ഉണ്ടാക്കുന്നതാണ്.

ശ്രീ. എ. താണുപിള്ള : ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിലെ വ്യവസ്ഥകൾ അനുസരിച്ചാണോ ഈ കോടതികൾ ഉണ്ടാക്കുന്നത് ?

ശ്രീ. ടി. കെ. നാരായണപിള്ള : അതെ. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിൽ ഷെഡ്യൂൾഡ് കാസ്റ്റിനെ സംബന്ധിച്ച് പ്രത്യേകം പ്രാധിനിദ്ധ്യം കൊടുക്കുന്നതിനു വിരോധമില്ലെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : പിന്നെയെങ്ങിനെയാണ് കൊച്ചിയിലും തിരുവിതാംകൂറിലും രണ്ടുതരം കോടതികളാണ് നിലവിലുള്ളതു് എന്നുപറഞ്ഞതു് ?

ശ്രീ. ടി. കെ. നാരായണപിള്ള: അതാണ് ഞാൻ പറഞ്ഞതു് ചിലസംഗതിയിൽ പഴയ കോടതികൾ അനുസരിച്ചു് ചെയ്യുന്നുവെന്നു്.

ശ്രീ. കെ. അയ്യപ്പൻ : ഷെഡ്യൂൾകാസ്റ്റിൽ ഉൾപ്പെടാത്ത ബാക്കേഡ് കമ്മ്യൂണിറ്റീസിനു് സർവ്വീസിൽ പ്രത്യേകം പരിഗണനകൾ നൽകാമെന്ന ഭരണഘടനയിൽ ഇല്ലേ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. അതാണ് ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly